**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 148</u>** **<u>15.6.2012-ന് മറുപടിക്ക്</u>**

**<u>മൊബൈൽ ഇൻസിനറേറ്റർ</u>**

| **ചോദ്യം** | **ഉത്തരം** |
| --- | --- |
| ശ്രീ. ഐ. സി. ബാലകൃഷ്ണൻ<br>,, വി. എ. മാധവൻ | ശ്രീ.മഞ്ഞളാംകുഴി അലി<br>(മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്തെ നഗരങ്ങളിൽ രൂക്ഷമായിക്കൊണ്ടിരിക്കുന്ന മാലിന്യ പ്രശ്നത്തിന് ശാശ്വതപരിഹാരം കാണുന്നതിന് എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിച്ചിട്ടുള്ളത്; | എ) നഗരസഭകളിൽ നിലവിലുള്ള ഖരമാലിന്യ സംസ്ക്കരണ പ്ലാന്റുകൾ വിപുലീകരിക്കുന്നതിനും ആവശ്യമായ അനുബന്ധ ഘടകങ്ങളായ മലിന ജല സംസ്ക്കരണ പ്ലാന്റ്, സാനിട്ടറി ലാൻഡ്ഫിൽ, ഗ്രീൻ ബെൽറ്റ്, നിലവിലുള്ള മാലിന്യ സംസ്ക്കരണ സംവിധാനത്തിന്റെ വിപുലീകരണം തുടങ്ങിയവയ്ക്ക് ആവശ്യമായ പദ്ധതികൾ തയ്യാറാക്കുന്നതിന് നഗരസഭകൾക്ക് സാങ്കേതികമായിട്ടുള്ള പരിശീലനം നൽകി അവരെകൊണ്ട് പദ്ധതി തയ്യാറാക്കിക്കാനും അവ നടപ്പിലാക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ ഭാഗത്ത് നിന്നുള്ള നൂറ് ശതമാനം സാമ്പത്തിക സഹായം ശുചിത്വ മിഷൻ വഴി ലഭ്യമാക്കാനുമുള്ള നടപടികൾ സർക്കാർ കൈക്കൊണ്ടിട്ടുണ്ട്.<br>പ്ലാന്റുകൾ ഇല്ലാത്ത നഗരസഭകളിൽ അവ പുതിയതായി സ്ഥാപിക്കാനുള്ള നടപടികളുടെ ഭാഗമായി അവയ്ക്ക് സാങ്കേതിക സഹായവും നൂറ് ശതമാനം സാമ്പത്തിക സഹായവും ചെയ്യാനുള്ള നടപടിയും |

കൈക്കൊണ്ടിട്ടുണ്ട്. കോർപ്പറേഷനുകളിൽ മലിനീകരണവും ദുർഗന്ധവും പരിസ്ഥിതി പ്രശ്നങ്ങളും ഉണ്ടാക്കാത്ത തരത്തിലുള്ള നവീന സാങ്കേതിക വിദ്യകൾ കണ്ടെത്താനും അവയുടെ മോഡൽ പ്ലാന്റുകൾ തിരുവനന്തപുരം നഗരസഭയിൽ സ്ഥാപിക്കാനും നടപടി എടുത്തിട്ടുണ്ട്. തിരുവനന്തപുരം നഗരത്തിൽ പ്രതിദിനം 35 ടൺ മാലിന്യം സംസ്ക്കരിച്ച് വൈദ്യുതി ഉല്പാദിപ്പിക്കാനുള്ള ഗ്യാസിഫിക്കേഷൻ എന്ന സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തിയുള്ള പ്ലാന്റ് ഈ വർഷം അവസാനത്തോടെ പ്രവർത്തനക്ഷമമാകും. എറണാകുളത്ത് 300-500 ടൺ മാലിന്യം പ്രതിദിനം സംസ്ക്കരിക്കാൻ കഴിയുന്ന ആധുനിക പ്ലാന്റ് സ്ഥാപിക്കുന്നതിന് ടെന്റർ ക്ഷണിച്ചു കഴിഞ്ഞിട്ടുണ്ട്. കൂടാതെ കോഴിക്കോട്, കണ്ണൂർ, തൃശൂർ, കോട്ടയം, എന്നിവിടങ്ങളിലും ആധുനിക പ്ലാന്റ് സ്ഥാപിക്കാൻ നടപടി എടുത്തു വരുന്നു. ഇതു കൂടാതെ, അനവധി ഉറവിട മാലിന്യസംസ്കരണ നടപടികളും സർക്കാർ നടപ്പാക്കി വരുന്നുണ്ട്. വീടുകളിൽ [illegible] സംസ്കരണ സംവിധാനം ഉണ്ടാക്കുന്നതിനായി 90% സബ്സിഡി നൽകി വരുന്നുണ്ട്.

ബി) ഇതിനായി ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിക്കുന്ന കാര്യം പരിഗണിക്കുമോ;

ബി) നഗരസഭകളിൽ നിലവിലുള്ള, വിശേഷിച്ച് കോർപ്പറേഷനുകളിൽ, വിവധതരത്തിലുള്ള മലിനീകരണ പ്രശ്നങ്ങളും പരിസ്ഥിതി പ്രശ്നങ്ങളും, പൊതുജനങ്ങളിൽ നിന്നുള്ള പരാതികളും ഉണ്ടായ സാഹചര്യത്തിൽ

വലിയ നഗരസഭകളിലും കോർപ്പറേഷനുകളിലും നവീന സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്താനുള്ള തീവ്രശ്രമങ്ങൾ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കൈക്കൊണ്ടിട്ടുണ്ട്.

| | |
|---|---|
| സി) നഗരങ്ങൾക്കായി മൊബൈൽ ഇൻസിനറേറ്റർ വാങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതിനു വേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ? | സി) ഉണ്ട്. തിരുവനന്തപുരം കോർപ്പറേഷനിൽ രൂക്ഷമായിക്കൊണ്ടിരിക്കുന്ന മാലിന്യ പ്രശ്നത്തിന് ഒരു പരിഹാരം കാണുന്നതിലേക്കായി മൊബൈൽ ഇനസിനറേറ്റർ വഴി മാലിന്യ സംസ്ക്കരണം നടത്തുന്നതിനുവേണ്ടി സർക്കാർ പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ട്. ഇതിലേക്കായി ആധുനിക സാങ്കേതികത ഉൾപ്പെടുത്തിയുള്ള മൊബൈൽ ഇൻസിനറേറ്റർ വാങ്ങുന്നതിനായി. സിഡ്കോ ടെൻഡർ ക്ഷണിക്കുകയും ഇൻസിനറേറ്റർ വാങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കിയിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ